പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.6502

03.04.2018 -ലെ മറുപടിയ്ക്ക്

## സ്ഥിരം തൊഴിലുകൾ ഇല്ലാതാക്കുന്ന കേന്ദ്ര വിജ്ഞാപനത്തിന്റെ പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി തോമസ്: | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ സ്ഥിരം തൊഴിലുകൾ ഇല്ലാതാക്കി നിശ്ചിത തൊഴിൽ അനുവദിക്കുക എന്ന ലക്ഷ്യത്തോടെ 1946-ലെ വ്യാവസായിക തൊഴിൽ (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) നിയമത്തിന്റെ ചട്ടം ഭേദഗതി വരുത്തി കേന്ദ്ര തൊഴിൽ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ ഭേദഗതിയിലൂടെ തൊഴിലാളികളെ കുറച്ച് കാലാവധിയിലേക്ക് മാത്രമായി നിയമിക്കുവാനുള്ള വ്യവസ്ഥയാണ് ( ഫിക്സഡ് ടേം ) ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) ഇത് സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യാവസായിക തൊഴിൽ മേഖലയിൽ സ്ഥിരസ്വഭാവമുള്ള നിയമനങ്ങൾ ഇല്ലാതാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുമോ; വ്യക്തമാക്കാമോ; | (ബി) ടി ഭേദഗതിയിലൂടെ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്റ്റാന്റിംഗ് ഓർഡർ പരിഷ്കരിക്കുവാൻ നിർബന്ധിതമാവുകയും ആയത് തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാകാനും സാധ്യത ഉണ്ട്. തൊഴിൽ സ്ഥിരത നഷ്ടപ്പെടുന്ന അവസ്ഥയും സംജാതമാകും. |
| (സി) ചുരുങ്ങിയ കാലയളവിലേക്ക് മാത്രമായി തൊഴിലുടമയ്ക്ക് നിയമനം നടത്താമെന്നും രണ്ടാഴ്ച നോട്ടീസ് നൽകി തൊഴിലാളികളെ പിരിച്ചുവിടാൻ തൊഴിലുടമയ്ക്ക് അധികാരം ലഭിക്കുമെന്നും നമ്മുടെ തൊഴിൽ മേഖലയിൽ എന്ത് പ്രത്യാഘാതം ഉണ്ടാക്കുമെന്ന് വിശദീകരിക്കുമോ; | (സി) തൊഴിൽ കാലയളവിന് സുരക്ഷ ലഭിച്ചില്ലെങ്കിൽ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് തൊഴിലാളികൾക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിൽ കുറവ് സംഭവിക്കുന്നതാണ്, കേന്ദ്ര-സംസ്ഥാന -പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിവുള്ള സർട്ടിഫൈഡ് സ്റ്റാന്റിംഗ് ഓർഡർ പരിഷ്കരിക്കുവാൻ ടി ഭേദഗതി മൂലം നിർബന്ധിതമാകുകയും തന്മൂലം പുതിയ തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാവും. തൊഴിൽ സ്ഥിരത നഷ്ടപ്പെടുന്നതിനും വ്യാപകമായ അസംതൃപ്തി തൊഴിൽ മേഖലയിൽ ഉടലെടുക്കുന്നതിനും ഇടവരുത്തുകയും ചെയ്യും. |

സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വം ഇല്ലാതാകുന്നതിന്റെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യും.

Sreedas
സെക്ഷൻ ഓഫീസർ